**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1084** — **29.09.2011 - ൽ മറുപടിക്ക്**

# തകർന്നുകിടക്കുന്ന റോഡുകൾ നന്നാക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എളമരം കരീം**<br>**ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**<br>**ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(ബഹു.മരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തകർന്നുകിടക്കുന്ന റോഡുകൾ മൂന്നാഴ്ചയ്ക്കകം നന്നാക്കണമെന്ന ബഹു.കേരള ഹൈക്കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കോടതി നിർദ്ദേശിച്ച തീയതിക്കകം സംസ്ഥാനത്തെ എല്ലാ റോഡുകളും ഗതാഗതയോഗ്യമാക്കുമോ; | (ബി) | ബഹു.ഹൈക്കോടതി അനുവദിച്ച മൂന്നാഴ്ച കാലാവധിക്കുപുറമേ മൂന്നു മാസം കൂടി സമയം ദീർഘിപ്പിച്ചു നൽകണമെന്ന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വർഷകാലത്ത് തകർന്നുപോകാത്ത നിലയിൽ എല്ലാ റോഡുകളും പൂർണ്ണ തോതിൽ ഗതാഗതയോഗ്യമാക്കുന്നതിനുള്ള പദ്ധതിക്ക് ഇതിനകം ഭരണാനുമതികൾ നൽകിയിട്ടുണ്ടോ; മൊത്തം എന്തുതുക ചെലവ് പ്രതീക്ഷിക്കുന്നു; ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്ര? | (സി) | കേരളത്തിൽ ദേശീയപാതകൾ കേന്ദ്രത്തിന്റെ ദേശീയപാതാവികസന പദ്ധതി പ്രകാരം വികസിപ്പിക്കുമ്പോൾ MORTH Specification അനുസരിച്ച് BM & BC എന്നിവ ഉപയോഗിച്ചാണ് റോഡുകൾ നിർമ്മിക്കുന്നത്. ഇപ്രകാരം ചെയ്യുന്ന റോഡുകൾ കൂടുതൽ കാലം ഈട് നിൽക്കുന്നു. ഇങ്ങനെ നിർമ്മിക്കുന്ന റോഡുകളിൽ കാലാവധി കഴിയുന്ന മുറയ്ക്ക് റീസർഫസിംഗ് അത്യന്താപേക്ഷിതമാണ്. NH 17 ഉം NH 47 ഉം NHDP Phase III -ൽ |

ഉൾപ്പെടുത്തി പണി (NHAI വഴി) പ്രാരംഭഘട്ടത്തിലാണ്. കഴിഞ്ഞ കാല വർഷത്തോട് അനുബന്ധമായി ഉണ്ടായ അറ്റകുറ്റപ്പണികൾക്കായി സംസ്ഥാന സർക്കാർ ദേശീയപാതകളിൽ 20.69 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. മറ്റ് അത്യാവശ്യപണികൾക്കായുള്ള എസ്റ്റിമേറ്റു കൾ തയ്യാറാക്കികൊണ്ടിരിക്കുന്നു. മഴയിലും വെള്ളപ്പൊക്കത്തിലും കേടുപറ്റിയ സംസ്ഥാനറോഡുകളുടെ അറ്റകുറ്റപ്പണി കൾക്ക് സർക്കാർ 314.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ കോർപ്പറേഷൻ വക റോഡുകളുടെ പൊതുമരാമത്ത് വകുപ്പ് മുഖേനയുള്ള ഒറ്റത്തവണ നവീകരണത്തിനായി 157.96 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ശബരിമല റോഡുകളുടെ ദീർഘകാലമെയിന്റ നൻസിനായി 58.45 കോടി രൂപയും. മണ്ഡലക്കാലത്തിനു മുമ്പുള്ള അടിയന്തിര മെയിന്റനൻസിനായി 63.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ വർഷ കാലത്ത് തകർന്നുപോകാത്ത നിലയിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന നിലവാരത്തിൽ റോഡുകൾ നവീകരിക്കുന്ന പദ്ധതി സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

Sobha

**സെക്ഷൻ ഓഫീസർ**